## 215

വന്ദനം വന്ദനം നാഥാ നിന്റെ രക്ഷയ്ക്കായ്-വന്ദനം

1 ഉന്നതത്തിൽ നിന്നു എന്നെ പ്രതി
മന്നിൽ വന്ന നാഥനേ!-വന്ദനം

2 നന്ദിയോടെ ഇന്നു നിന്റെ ദാസൻ
വന്ദിക്കുന്നു മന്നനേ!-വന്ദനം

3 ശത്രുവായ എന്നെയോർത്തു നിന്റെ
പുത്രനാക്കി തീർത്തതാൽ-വന്ദനം

4 എന്റെ നാമം ജീവപുസ്തകത്തിൽ
ചേർത്തിതനെയോർത്തിതാ-വന്ദനം

5 എന്തുമോദം എന്റെ അന്തരംഗേ
സന്തതം വിലസിടുന്നു!-വന്ദനം P.V.T.